# നീതിമാനെ വിടുവിക്കുന്ന ദൈവം

## സങ്കീർത്തനം 34:19

"നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു"

പലപ്പോഴും നാം ആയിരിക്കുന്ന സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ് എന്തുകൊണ്ടാണ് നല്ല മനുഷ്യരുടെ ജീവിതത്തിലും മോശപ്പെട്ട കാര്യങ്ങൾ സംഭവിക്കുന്നത് എന്ന്. കാരണം, മോശമായതു സംഭവിക്കുന്നത് അവർ മോശപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതു കൊണ്ടാണ് എന്നുള്ള ഒരു ധാരണയാണ്. എന്നാൽ തിരുവചനത്തിന്റെ വെളിച്ചത്തിൽ ഒരുപക്ഷെ നമ്മിൽ പലരും ഈ ചോദ്യത്തിനുള്ള മറുപടി കൊടുക്കുന്നതിങ്ങനെയായിരിക്കും; നല്ലവരായ ആരും തന്നെയില്ല. എല്ലാവരും ഒരേപോലെ പാപം ചെയ്ത് കൊള്ളരുതാത്തവരായി തീർന്നു എന്ന് (റോമർ 3:10).

എന്നാൽ നീതിമാനായ ഒരു മനുഷ്യൻ ഈ ഭൂമിയിൽ ജീവിച്ചിരുന്നു. അവനെക്കുറിച്ച് പ്രവാചകനായ യേശയ്യാവ് തന്റെ പ്രവചന പുസ്തകത്തിൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു (യെശയ്യാവ് 53:9–10) 'അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയും ഇരുന്നിട്ടും അവനെ തകർത്തു കളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി; അവൻ അവന്നു കഷ്ടം വരുത്തി.' യേശുകർത്താവ് ഒഴികെ നീതിമാൻ ആരുമില്ല എന്നു പറയുമ്പോൾ തന്നെ തിരുവചനം ഒരു കൂട്ടരെ നീതിമാന്മാർ എന്നു വിളിക്കുന്നുണ്ട്. നാം ഓരോരുത്തരും ഈ നീതിമാന്മാരുടെ ഗണത്തിൽപ്പെടും. 2 കൊരിന്ത്യർ 5:21 ൽ നാം ഇപ്രകാരം വായിക്കുന്നു 'പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന് അവൻ നമുക്ക് വേണ്ടി പാപമാക്കി' എന്ന്. നാം നീതിമാന്മാർ ആകുവാൻ കാരണം യേശു കർത്താവായിരുന്നു.

പ്രിയരേ, അനർത്ഥങ്ങൾ ഇല്ലാത്ത ഒരു ക്രിസ്തീയ ജീവിതം തിരുവചനം ഒരിക്കലും ഒരിടത്തും നമുക്ക് വാഗ്ദാനം ചെയ്യുന്നില്ല. എനാൽ നമ്മുടെ ദൈവം സ്നേഹം ആകകൊണ്ടും, സ്നേഹത്തോടെ പ്രവർത്തിക്കുന്നതു കൊണ്ടും നമുക്കുണ്ടാകുന്ന അനർത്ഥങ്ങൾ വ്യസനഹേതുവായി തീരാതിരിക്കുവാൻ വളരെ ശ്രദ്ധിക്കുന്നു. നമ്മുടെ ജീവിതത്തിലൂടെ കടന്നു പോകുന്ന അനർത്ഥങ്ങളിലൂടെ അവൻ നമ്മെ ശോധന ചെയ്ത്, നമ്മുടെ ഗുണത്തിന്നും നമ്മുടെ വിശുദ്ധീകരണത്തിനും, നമ്മെ ശിക്ഷിച്ച് നന്നാക്കുവാനും, അതുവഴി നമ്മുടെ തേജസ്കരണത്തിനുമായി ഇവയൊക്കെ ചെയ്യുമ്പോൾ നന്മയ്ക്കായി സകലവും കൂടി വ്യാപരിപ്പിക്കുന്ന ദൈവത്തെയാണ് നാം ഓർക്കേണ്ടത്.

പ്രിയ ദൈവപൈതലേ, അതുകൊണ്ടാണ് ദാവീദ് സങ്കീർത്തനം 34:19 ൽ തുടർന്നു പറയുന്നത് 'അവയെല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു' എന്ന്. യഹോവയുടെ വിടുതൽ ഒരുപക്ഷെ ഈ ആയുസ്സിനെ ദീർഘിപ്പിച്ചു തരുന്ന വിടുതൽ ആയിരിക്കണമെന്നില്ല. അതിലും പതിന്മടങ്ങായ, നിത്യതയിലേക്ക് നമ്മെ എത്തിച്ചു കൊണ്ടുള്ള വിടുതലായിരിക്കും അവൻ ഒരു പക്ഷേ ചെയ്യുക. നമ്മുടെ ആയുസ്സിനോടു ദിർഘിപ്പിച്ചു കിട്ടുന്ന അടുത്ത പത്തോ പതിനഞ്ചോ വർഷമോ അതുപോലെയുള്ള കാലയളവോ നാം ദൈവത്തെ മറന്നും ദോഷകരമായ പ്രവർത്തികളും ചെയ്തിട്ട് ഒാടുവിൽ നിത്യ നാശത്തിലേക്ക് പ്രവേശിക്കുന്നതിനേക്കാൾ അൽപം പോലും ആയുസ്സിനെ ദീർഘിപ്പിച്ചു തരാതെ നമ്മെ നിത്യ ജീവങ്കലേക്ക് പ്രവേശിപ്പിക്കാനാണ് ദൈവത്തിന്നു പ്രസാദം എങ്കിൽ ദൈവത്തിന്റെ പ്രവർത്തി എത്രയോ അഗോചരമാണ്. അതേ, അസംഖ്യമാകുന്ന എല്ലാ അനർത്ഥങ്ങളിൽ നിന്നും അവൻ നമ്മെ വിടുവിക്കുന്നു. ഒരുപക്ഷെ ആ വിടുതൽ നമുക്ക് ഇപ്പോൾ അറിയുവാൻ കഴിയാത്ത, ഭാവിയിലെ നന്മക്കായി അവൻ ചെയ്യുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

ഇയ്യോബ് 5:19

ആറു കഷ്ടത്തിൽനിന്നു അവൻ നിന്നെ വിടുവിക്കും; ഏഴാമത്തേതിലും തിന്മ നിന്നെ തൊടുകയില്ല.

ബ്രദർ. ബിനു ബേബി ആലപ്പുഴ 192